# PSC Driver Grade Ii - LDV - Various / Driver Gr-ii / Driver - LDV - Various Companies / Corporations Examination Previous Year Question Paper

***Exam Name:*** *Driver Grade Ii - LDV - Various / Driver Gr-ii / Driver - LDV - Various Companies / Corporations*

***Date of Test : 08.05.2015***

***Question Paper Code: 088/2015***

***Medium of Questions: Malayalam***

www.pscnet.in fb.com/pscnet.in

# 88/2015-M

Maximum : 100 marks

Time : 1 hour and 15 minutes

1. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്കിൻ തോട്ടം സ്ഥിതിചെയ്യുന്നത് കേരളത്തിലാണ്. കേരളത്തിൽ എവിടെയാണ് ഈ തേക്കിൻ കാട്?
   (A) മലപ്പുറം (B) തൃശ്ശൂർ
   (C) നിലമ്പൂർ (D) ഷോളയാർ

2. "ജാതിയില്ല, മതമില്ല, ദൈവമില്ല" എന്നു പറഞ്ഞ കേരളീയ സാമൂഹ്യ പരിഷ്കർത്താവ് ആരാണ്?
   (A) ശ്രീനാരായണ ഗുരു (B) കെ. അയ്യപ്പൻ
   (C) അയ്യങ്കാളി (D) എ.കെ. ഗോപാലൻ

3. ബുക്കർ സമ്മാനം നേടിയ കേരളീയ വനിത :
   (A) മാധവിക്കുട്ടി (B) ലക്ഷ്മി മേനോൻ
   (C) കൽപ്പന ചൗള (D) അരുന്ധതി റോയ്

4. തിരുവനന്തപുരത്തെ പ്രസിദ്ധമായ 'ചാലക്കമ്പോളം' നിർമ്മിച്ചത് ഏതു മഹാരാജാവിന്റെ കാലത്താണ്?
   (A) മാർത്താണ്ഡവർമ്മ (B) രാജാ കേശവദാസ്
   (C) ധർമ്മരാജ (D) ശ്രീചിത്തിരതിരുനാൾ

5. വനവൃക്ഷങ്ങളുടെ ചക്രവർത്തി എന്നറിയപ്പെടുന്ന ഈ വൃക്ഷം കേരളത്തിലെ കാടുകളിൽ സമൃദ്ധമായി വളരുന്നു. ഏതാണ് ഈ കാട്ടു രാജാവ്?
   (A) മഹാഗണി (B) തേക്ക്
   (C) ചന്ദനം (D) മുള

6. കേരളത്തിലെ സാമൂഹ്യപരിഷ്കർത്താവായ ശ്രീനാരായണ ഗുരു സമാധിയായ സ്ഥലം താഴെ പറയുന്നവയിൽ ഏതാണ്?
   (A) വർക്കല (B) വിഴിഞ്ഞം
   (C) തുറവൂർ (D) കൊടുങ്ങല്ലൂർ

7. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ട കായൽ ഏതു ജില്ലയിൽ സ്ഥിതിചെയ്യുന്നു?
   (A) തിരുവനന്തപുരം (B) ആലപ്പുഴ
   (C) കോട്ടയം (D) കൊല്ലം

8. ചെറുനാരങ്ങയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത്?
   (A) സൾഫ്യൂറിക് ആസിഡ് (B) സിട്രിക് ആസിഡ്
   (C) അസറ്റിക് ആസിഡ് (D) ഹൈഡ്രോക്ലോറിക് ആസിഡ്



Join PSC WhatsApp Broadcast List : 90747 20773

9. അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതലായി അടങ്ങിയിരിക്കുന്ന വാതകം ഏത്?
   (A) ഓക്സിജൻ (B) നൈട്രജൻ
   (C) കാർബൺ ഡൈ ഓക്സൈഡ് (D) ഹൈഡ്രജൻ

10. ഭൂചലനം അളക്കുന്നതിനുള്ള ഉപകരണത്തിന്റെ പേര് :
   (A) സിസ്മോമീറ്റർ (B) മാനോമീറ്റർ
   (C) ക്രോണോമീറ്റർ (D) ബാരോമീറ്റർ

11. "പ്രസവിക്കുന്ന അച്ഛൻ" എന്നറിയപ്പെടുന്ന ജീവി താഴെ പറയുന്നവയിൽ ഏതാണ്?
   (A) സ്രാവ് (B) കടൽക്കുതിര
   (C) തിമിംഗലം (D) കണവ

12. മനുഷ്യശരീരത്തിലെ എല്ലിന്റെ വളർച്ചയ്ക്ക് ആവശ്യമായ ഘടകം ഏത്?
   (A) ഇരുമ്പ് (B) സൾഫർ
   (C) സോഡിയം (D) കാൽസ്യം

13. കർഷകരുടെ മിത്രമായ മണ്ണിരയുടെ ശ്വസനാവയവം :
   (A) കണ്ണ് (B) ത്വക്ക്
   (C) നാക്ക് (D) നാസാരന്ധ്രം

14. ഭൂഗർഭശാസ്ത്രത്തെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയുടെ പേര് എന്ത്?
   (A) ബയോളജി (B) ജോഗ്രഫി
   (C) ജിയോളജി (D) സുവോളജി

15. നമ്മുടെ ശരീരത്തിൽ മുറിവു പറ്റിയാൽ രക്തം കട്ട പിടിക്കുന്നതിനു സഹായിക്കുന്ന വൈറ്റമിൻ ഏതാണ്?
   (A) വൈറ്റമിൻ A (B) വൈറ്റമിൻ C
   (C) വൈറ്റമിൻ K (D) വൈറ്റമിൻ D

16. "കൊട്ടാരങ്ങളുടെ നഗരം" എന്നറിയപ്പെടുന്ന ഇന്ത്യൻ നഗരം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?
   (A) ബാംഗ്ലൂർ (B) കൊൽക്കത്ത
   (C) ചെന്നൈ (D) മുംബൈ

17. ലോകത്തിന്റെ പഞ്ചസാരക്കലവറ എന്നറിയപ്പെടുന്ന രാജ്യം ഏത്?
   (A) വത്തിക്കാൻ (B) ക്യൂബ
   (C) ചൈന (D) ബ്യൂണസ് അയേഴ്സ്

18. ഇന്ത്യയിലെ പ്രമുഖ ദിനപ്പത്രമായ 'ഹിന്ദു' പ്രസിദ്ധീകരിക്കുന്നത് ഇന്ത്യയിലെ ഏതു നഗരത്തിൽ നിന്നാണ്?
   (A) മുംബൈ (B) ഡൽഹി
   (C) ചെന്നൈ (D) കൽക്കട്ട

19. കേരളത്തിലെ ഉപ്പു സത്യാഗ്രഹം നയിച്ചതാരാണ്?
   (A) ഗാന്ധിജി (B) ശ്രീനാരായണ ഗുരു
   (C) കെ. കേളപ്പൻ (D) അയ്യങ്കാളി



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

20. കേരളത്തിലെ കോഴിക്കോടിനെപ്പറ്റി പരാമർശിച്ച ആദ്യ സഞ്ചാരി ആരാണ്?
(A) മാർക്കോപോളോ
(B) ഫാഹിയാൻ
(C) ഹുയാൻസാങ്
(D) ഇബൻ ബത്തൂത്ത

21. തിരുവിതാംകൂറിൽ നക്ഷത്ര ബംഗ്ലാവ് പണികഴിപ്പിച്ച മഹാരാജാവ് ആര്?
(A) ശ്രീചിത്തിര തിരുനാൾ
(B) സ്വാതിതിരുനാൾ
(C) രാമവർമ്മ
(D) ധർമ്മരാജ

22. മലയാളിയായ ഒരു വിപ്ലവകാരൻ ജർമ്മനിയിൽവെച്ച് കൊല്ലപ്പെട്ടു. ആ വിപ്ലവകാരൻ താഴെ പറയുന്നവരിൽ ആരാണ്?
(A) മന്നത്ത് പത്മനാഭൻ
(B) ഭഗത്സിംഗ്
(C) ചെമ്പകരാമൻ പിള്ള
(D) കെ.പി. കേശവമേനോൻ

23. കേരളത്തിലെ ഗിരിവർഗ്ഗ വിഭാഗക്കാരുടെയിടയിൽ ശ്രദ്ധേയമായ നൃത്തരൂപമേത്?
(A) പടയണി
(B) കാക്കാരിശ്ശി നാടകം
(C) മുടിയാട്ടം
(D) തിറ

24. കേരളത്തിലെ ഏറ്റവും വലിയ മഴക്കാട് എവിടെയാണ്?
(A) ഇരവികുളം
(B) കുമരകം
(C) നീലഗിരി
(D) സൈലന്റ്‌വാലി

25. 2001-ൽ ഇന്ത്യയിലെ ആദ്യത്തെ ശിശു സൗഹൃദ സംസ്ഥാനം നിലവിൽ വന്നു. ഏതാണ് ആ സംസ്ഥാനം?
(A) മഹാരാഷ്ട്ര
(B) കേരളം
(C) തമിഴ്നാട്
(D) ആന്ധ്രാപ്രദേശ്

26. താഴെ പറയുന്ന ജില്ലകളിൽ ഏതിലാണ് രത്നക്കല്ലുകളുടെ നിക്ഷേപമുള്ളത്?
(A) കോട്ടയം
(B) തൃശ്ശൂർ
(C) തിരുവനന്തപുരം
(D) ആലപ്പുഴ

27. ചരിത്രപ്രസിദ്ധമായ ചേരമാൻ പറമ്പ് സ്ഥിതിചെയ്യുന്നത് എവിടെയാണ്?
(A) ആലപ്പുഴ
(B) പറവൂർ
(C) കൊടുങ്ങല്ലൂർ
(D) തുറവൂർ

28. ഇന്ത്യയുടെ ദേശീയ പുഷ്പം താമരയാണ് എങ്കിൽ ഇന്ത്യയുടെ ദേശീയ വൃക്ഷം ഏതാണ്?
(A) വാഴ
(B) അരയാൽ
(C) കണിക്കൊന്ന
(D) പേരാൽ

29. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നദി ഏതാണ്?
(A) സിന്ധു
(B) യമുന
(C) ഗംഗ
(D) ബ്രഹ്മപുത്ര



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

30. ഇന്ത്യയുടെ 'പ്രഥമ പൗരൻ' ആകാൻ വേണ്ട കുറഞ്ഞ പ്രായം എത്രയാണ്?
(A) 25 (B) 35
(C) 36 (D) 30

31. ഡൽഹിയിലെ ചെങ്കോട്ട പണികഴിപ്പിച്ച മുഗൾ ചക്രവർത്തി ആരാണ്?
(A) ഹുമയൂൺ (B) ബാബർ
(C) ഷാജഹാൻ (D) അക്ബർ

32. "ഇന്ത്യൻ രാജാക്കന്മാരിൽ ഏറ്റവും ശ്രേഷ്ഠൻ" എന്ന് എച്ച്.ജി. വെൽസ് വിശേഷിപ്പിച്ചത് ആരെയാണ്?
(A) ഷാജഹാൻ (B) അശോകൻ
(C) സ്വാതിതിരുനാൾ (D) അലക്സാണ്ടർ

33. "ഗാന്ധിജിയുടെ പരീക്ഷണശാല" എന്നറിയപ്പെടുന്ന രാജ്യം ഏതാണ്?
(A) ഇന്ത്യ (B) ദക്ഷിണാഫ്രിക്ക
(C) ഉത്തരാഫ്രിക്ക (D) ബംഗ്ലാദേശ്

34. ഒളിമ്പിക്സ് ചിഹ്നത്തിലെ കറുത്ത വളയം സൂചിപ്പിക്കുന്നത് ഏതു വൻകരയെയാണ്?
(A) ഏഷ്യ (B) ആസ്ത്രേലിയ
(C) ആഫ്രിക്ക (D) തെക്കെ അമേരിക്ക

35. പന്തളം കേരളവർമ്മ സ്വീകരിച്ചിരിക്കുന്ന തൂലികാനാമം ഏതാണ്?
(A) ആനന്ദ് (B) പ്രേംജി
(C) വി.കെ.എൻ. (D) കവി തിലകൻ

36. "ഒരു അടിമയായിരിക്കാൻ എനിക്ക് ഇഷ്ടമില്ല അതുപോലെ ഒരു യജമാനൻ ആയിരിക്കാനും എനിക്ക് ഇഷ്ടമല്ല" - എന്നു പറഞ്ഞ അമേരിക്കൻ പ്രസിഡന്റ് ആര്?
(A) എബ്രഹാം ലിങ്കൺ (B) തോമസ് ജഫേഴ്സൺ
(C) ജോൺ എഫ്. കെന്നഡി (D) ബറാക് ഒബാമ

37. അഗ്നിപർവ്വതങ്ങളില്ലാത്ത വൻകര ഏത്?
(A) ആഫ്രിക്ക (B) ആസ്ത്രേലിയ
(C) ഏഷ്യ (D) യൂറോപ്പ്

38. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ആത്മകഥയുടെ പേര്:
(A) ഓർമ്മയുടെ അറകൾ (B) ആത്മകഥ
(C) എന്റെ ജീവിതകഥ (D) ജീവിതസ്മരണകൾ

39. "ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്" - ഇവരിൽ ആരാണ്?
(A) ദാദാഭായ് നവറോജി (B) രാജാറാം മോഹൻ റോയ്
(C) ഗാന്ധിജി (D) സർദാർ പട്ടേൽ

40. ഇന്ത്യൻ രൂപയുടെ ചിഹ്നം തയ്യാറാക്കിയത് ആരാണ്?
(A) ശശി തരൂർ (B) കെ. സുധാകരൻ
(C) എം. സമ്പത്ത് (D) ഡി. ഉദയകുമാർ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

41. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി അവസാനമായി തടവിൽ കഴിഞ്ഞത് ഏത് കൊട്ടാരത്തിലാണ്?
   (A) കിളിമാനൂർ കൊട്ടാരം
   (B) ആഗാഖാൻ കൊട്ടാരം
   (C) മൈസൂർ കൊട്ടാരം
   (D) മുഗൾ കൊട്ടാരം

42. ക്വിറ്റിന്ത്യാ പ്രസ്ഥാനത്തിന്റെ റാണി എന്നറിയപ്പെടുന്ന വനിത ആര്?
   (A) ലക്ഷ്മി മേനോൻ
   (B) അരുണാ ആസിഫ് അലി
   (C) റാണി ഗൗരി ലക്ഷ്മിഭായ്
   (D) അക്കാമ്മ ചെറിയാൻ

43. "ദീനബന്ധു" എന്നറിയപ്പെടുന്ന സ്വാതന്ത്ര്യ സമര സേനാനി ആര്?
   (A) ചിത്തരഞ്ജൻ ദാസ്
   (B) കെ. കേളപ്പൻ
   (C) സി.എഫ്. ആൻഡ്രൂസ്
   (D) വിനോബ ഭാവേ

44. "ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ" എന്ന പുസ്തകത്തിന്റെ രചയിതാവ് ആര്?
   (A) ജവഹർലാൽ നെഹ്റു
   (B) ഗാന്ധിജി
   (C) അയ്യങ്കാളി
   (D) ഗോപാലകൃഷ്ണ ഗോഖലെ

45. "നിങ്ങൾ എനിക്ക് രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം" എന്ന് പറഞ്ഞതാര്?
   (A) സുഭാഷ് ചന്ദ്രബോസ്
   (B) ഗാന്ധിജി
   (C) ഭഗത്സിംഗ്
   (D) ബാലഗംഗാധര തിലക്

46. ട്രക്കോമ ശരീരത്തിന്റെ ഏതു ഭാഗത്തെ ബാധിക്കുന്ന രോഗമാണ്?
   (A) കണ്ണ്
   (B) ചെവി
   (C) കരൾ
   (D) ഹൃദയം

47. ലോകത്തിലെ ഏറ്റവും വേഗത കൂടിയ മൃഗം :
   (A) മാൻ
   (B) ചീറ്റപ്പുലി
   (C) കഴുതപ്പുലി
   (D) കടുവ

48. മൂക്കിലൂടെ ശ്വസിക്കാത്ത കശേരു ജീവി താഴെ തന്നിരിക്കുന്നതിൽ ഏതാണ്?
   (A) പാമ്പ്
   (B) മത്സ്യം
   (C) ആമ
   (D) പല്ലി

49. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സിംഹങ്ങൾ കാണപ്പെടുന്ന വനം ഏത്?
   (A) ഗീർവനം
   (B) സുന്ദരവനം
   (C) സൈലന്റ്‌വാലി
   (D) സഹ്യപർവ്വത വനമേഖല

50. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം പ്രതിപക്ഷനേതാവായിരുന്ന വ്യക്തി ആര്?
   (A) ഇ.എം.എസ്. നമ്പൂതിരിപ്പാട്
   (B) സി. അച്യുതമേനോൻ
   (C) ഇ.കെ. നായനാർ
   (D) കെ. കരുണാകരൻ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

51. വാഹനം റോഡിന്റെ ഏതു വശത്തുകൂടിയാണോടിക്കേണ്ടത്?

(A) ഇടതുവശം (B) വലതുവശം

(C) നടുക്ക് (D) ഏതെങ്കിലും വശം

52. വാഹനത്തിൽ ഘടിപ്പിക്കുന്ന മഞ്ഞനിറത്തിലുള്ള ഫോഗ് ലാംമ്പ് അനുവദിച്ചിരിക്കുന്നതെവിടെ?

(A) നാഷണൽ ഹൈവേ

(B) എക്സ്പ്രസ്സ് ഹൈവേ

(C) കോട മഞ്ഞുമൂലം കാഴ്ച തടസ്സം ഉണ്ടാകുന്ന പ്രദേശത്ത്

(D) പാർക്കിങ്ങ് സമയത്ത്

53. താഴെ പറയുന്നതിൽ ഏതാണ് ശരി?

(A) ഹിൽ ഡ്രൈവിങ്ങിന് എയർ ഹോൺ അനുവദിച്ചിട്ടുണ്ട്

(B) സിറ്റി ഡ്രൈവിങ്ങിന് എയർ ഹോൺ അനുവദിച്ചിട്ടുണ്ട്

(C) തിരക്കുള്ള പ്രദേശങ്ങളിൽ എയർ ഹോൺ അനുവദിച്ചിട്ടില്ല

(D) ഒരിടത്തും അനുവദിച്ചിട്ടില്ല

54. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ വാഹനാപകടത്തിൽ മരിക്കുന്ന രാജ്യം ഏത്?

(A) അമേരിക്ക (B) ചൈന

(C) ഇന്ത്യ (D) പാക്കിസ്ഥാൻ

55. ഒരു സ്വകാര്യ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി എത്ര വർഷം?

(A) മൂന്ന് (B) പന്ത്രണ്ട്

(C) ഇരുപത് (D) പതിനഞ്ച്

56. സീറ്റ് ബെൽറ്റിന്റെ പ്രയോജനം എന്ത്?

(A) യാത്രാസുഖം വർദ്ധിപ്പിക്കുന്നു

(B) വാഹനാപകടം ഒഴിവാക്കുന്നു

(C) വാഹനാപകടത്തിൽ യാത്രക്കാർക്കും ഡ്രൈവർക്കും ഉണ്ടാകുന്ന പരിക്കിന്റെ വ്യാപ്തി കുറക്കുന്നു

(D) ഘട്ടർ ചാടുമ്പോൾ കുലുക്കം കുറക്കുന്നു

57. വാഹനം ഓടിക്കുമ്പോൾ ഡ്രൈവർക്ക് മൊബൈൽ ഫോൺ :

(A) വേണമെങ്കിൽ ഉപയോഗിക്കാം

(B) യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല

(C) എസ്.എം.എസ്. അയക്കാം

(D) അഡ്രസ്സ് വായിക്കാം



Join PSC WhatsApp Broadcast List : 90747 20773

58. റോഡിൽ വരച്ചിട്ടുള്ള സീബ്രാ ക്രോസ്സിംഗ് എന്ന വെള്ളത്ത വരകൾ ഉദ്ദേശിക്കുന്നത് :
   (A) കാൽനടക്കാർക്ക് റോഡ് മിറിച്ചു കടക്കാൻ
   (B) ബസ്സ് കാത്തു നില്ലുവാൻ
   (C) വാഹനം നിർത്തുവാൻ
   (D) ട്രാഫിക് പോലിസിനു നില്ലുവാൻ

59. പാർക്കിംഗ് പാടില്ലാത്ത ഒരു സ്ഥലം :
   (A) റെയിൽവേ ഗേറ്റിനു സമീപം
   (B) പോലീസ് സ്റ്റേഷനു സമീപം
   (C) ആശുപത്രി ഗേറ്റിനു മുന്നിൽ
   (D) കോടതിക്കു സമീപം

60. വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് റോഡിലെ സാഹചര്യങ്ങളെക്കുറിച്ച് വിവരം നല്ലുന്നതിനുള്ള സംവിധാനം :
   (A) നോട്ടീസുകൾ
   (B) ട്രാഫിക് പോലീസ്
   (C) മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ
   (D) റോഡ് സൈനുകളും മാർക്കിങ്ങുകളും

61. ഡ്രൈവർ വാഹനം ഓടിച്ചു പോകുമ്പോൾ ചുവന്ന നിറത്തിലുള്ള ത്രികോണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള റോഡ് ചിഹ്നത്തിൽ ഒരു തീവണ്ടി എഞ്ചിന്റെ മാത്രം ചിത്രം കണ്ടാൽ എന്താണ് ചെയ്യേണ്ടത്?
   (A) കാവല്ലാരനുള്ള ലെവൽക്രോസ്സ്, വേഗത കുറക്കുക
   (B) തീവണ്ടിപ്പാത അടുത്തുണ്ട്, വേഗത കുറക്കുക
   (C) കാവല്ലാരനില്ലാത്ത ലെവൽക്രോസ്സ് വാഹനം നിർത്തി, ഡ്രൈവർ ഇറങ്ങി ട്രെയിൻ വരുന്നില്ല എന്നു ഉറപ്പു വരുത്തി മുന്നോട്ട് പോവുക
   (D) റെയിൽവേ സ്റ്റേഷൻ അടുത്തുണ്ട്

62. സ്വകാര്യ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഡ്രൈവിങ്ങ് ലൈസൻസിന്റെ കാലാവധി :
   (A) 20 വർഷത്തേക്ക് അല്ലെങ്കിൽ 50 വയസ്സാകുന്നതു വരെ
   (B) 5 വർഷത്തേക്ക്
   (C) 3 വർഷത്തേക്ക്
   (D) വയസ്സ് എത്രയായാലും 20 വർഷത്തേക്ക്

63. വാഹനത്തിന്റെ മലിനീകരണം നിയന്ത്രിത പരിധിക്കുള്ളിലാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കാലാവധി എത്രയാണ്?
   (A) 1 വർഷം
   (B) 3 മാസം
   (C) 6 മാസം
   (D) 9 മാസം

64. ഒരു മോട്ടോർ വാഹനം നിരത്തിൽ ഓടിക്കുന്നതിനു വാഹനത്തിനു നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഇൻഷ്യൂറൻസ് പരിരക്ഷ ഏതാണ്?
   (A) ഡ്രൈവർക്കുള്ള വ്യക്തിഗത ഇൻഷ്യൂറൻസ്
   (B) തേർഡ് പാർട്ടി ഇൻഷ്യൂറൻസ്
   (C) ഫുൾ കവർ ഇൻഷ്യൂറൻസ്
   (D) ആക്സിഡന്റ് ഇൻഷ്യൂറൻസ്



Join PSC WhatsApp Broadcast List : 90747 20773

65. ഒരു ഡ്രൈവർ തന്റെ വലത്തേകൈ പുറത്തേക്ക് നീട്ടി കൈമുട്ട് തോളിന്റെ നിരപ്പിൽ വരുന്ന വിധത്തിൽ കൈപ്പത്തി നിവർത്തി പിടിച്ചാൽ, ഏതു സിഗ്നലാണ് ഉദ്ദേശിക്കുന്നത്?
   (A) വാഹനം നിർത്തുവാൻ പോകുന്നു എന്നറിയിക്കുവാൻ
   (B) സ്ലോഡൌൺ സിഗ്നൽ
   (C) വലതുവശത്തേക്ക് തിരിയുവാൻ
   (D) ഓവർട്ടേക്കിംഗ് അനുവദിക്കുന്നതിന്

66. ഓടിക്കുന്ന വാഹനം അപകടത്തിൽ പെട്ടാൽ ഡ്രൈവറുടെ കടമ എന്താണ്?
   (A) ഉടൻ പോലീസ് സ്റ്റേഷനിൽ പോയി വിവരം അറിയിക്കണം
   (B) അപകടത്തിൽ പെട്ടയാൾക്ക് പരിക്കുണ്ടെങ്കിൽ ആംബുലൻസ് സൗകര്യം തേടണം
   (C) പ്രഥമ ശുശ്രൂഷ നല്കി അപകടത്തിൽ പെട്ടയാളെ പറഞ്ഞുവിടാം
   (D) സ്വയം പരിക്കില്ലെങ്കിൽ അപകടത്തിൽ പെട്ടയാൾക്ക് കഴിയാവുന്ന പ്രഥമ ശുശ്രൂഷ നല്കി ആശുപത്രിയിലെത്തിക്കുകയും ശേഷം 24 മണിക്കൂറിൽ വൈകാതെ പോലീസിൽ വിവരം അറിയിക്കുകയും ചെയ്യണം

67. ഡ്രൈവിങ്ങ് സമയത്ത് ഒരു ഡ്രൈവർക്ക് അനുവദനീയമായ രക്തത്തിലെ ആൽക്കഹോൾ പരിധി എത്ര?
   (A) 30/100 mg/L
   (B) 40/100 mg/L
   (C) 50/100 mg/L
   (D) 25/100 mg/L

68. വാഹനത്തിന്റെ എഞ്ചിനേയും ഗിയർ ബോക്സിനേയും ഡ്രൈവറുടെ ആവിശ്യാനുസരണം ബന്ധിപ്പിക്കുകയും വിഘടിപ്പിക്കുകയും ചെയ്യുന്ന സംവിധാനം ഏതാണ്?
   (A) പ്രൊപ്പല്ലർ ഷാഫ്റ്റ്
   (B) ക്ലച്ച്
   (C) ഫ്ലൈവീൽ
   (D) ഡിഫ്രൻഷ്യൽ

69. പാർക്ക് ചെയ്തിരിക്കുന്ന ഒരു വാഹനം സ്വയം ചലിച്ച് അപകടത്തിൽ പെടാതിരിക്കുന്നതിനുള്ള സുരക്ഷാ സംവിധാനം :
   (A) ബ്രേക്ക്
   (B) ഗിയർ ബോക്സ്
   (C) വാഹനം ഗിയറിൽ നിർത്തുക
   (D) പാർക്കിങ്ങ് ബ്രേക്ക്

70. ഒരു വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് സ്വന്തം കണ്ണുകൾ കൊണ്ടോ റിയർ-വ്യൂ മിറർ സംവിധാനം കൊണ്ടോ കാണാൻ കഴിയാത്ത ഭാഗത്തെ എന്താണ് വിശേഷിപ്പിക്കുന്നത്?
   (A) ബ്ലൈന്റ് സ്പോട്ട്
   (B) ബ്ലാക്ക് സ്പോട്ട്
   (C) മാജിക്ക് സ്പോട്ട്
   (D) ക്യാമറ സ്പോട്ട്

71. ഒരു വാഹനത്തിന്റെ ചുമതല വഹിക്കുന്ന ഡ്രൈവർ ഹസാർഡ് സ്വിച്ച് ഉപയോഗിച്ച്, വാഹനത്തിന്റെ എല്ലാ ഇൻഡിക്കേറ്റർ ലൈറ്റുകളും, വിട്ട് വിട്ട് പ്രകാശിപ്പിച്ചാൽ മനസ്സിലാക്കേണ്ടത്?
   (A) ആ വാഹനം ജംഗ്ഷനിൽ നേരേ മുന്നോട്ട് പോകുന്നു
   (B) വാഹനത്തിന്റെ ഹെഡ് ലൈറ്റ് തകരാറിലാണ്
   (C) ആ വാഹനം, സാങ്കേതിക കാരണം കൊണ്ട്, ചലിക്കുന്ന അവസ്ഥയിൽ അല്ലാത്തതുകൊണ്ട്, പിറകിൽ നിന്നു വരുന്ന വാഹനങ്ങൾക്ക് മറികടന്ന് പോകുന്നതിനുള്ള അനുവാദമാണ്
   (D) കനത്ത മഴ ഉള്ളപ്പോൾ വാഹനം ഓടിച്ചുപോകാൻ ഇടേണ്ട ലൈറ്റാണ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

72. മറ്റുള്ളവരുടെ ഡ്രൈവിങ്ങ് രീതിയിലെ അപകട സാദ്ധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ട് ഓടിക്കുന്ന ഡ്രൈവിങ്ങ് രീതിയുടെ പേര് :
(A) പ്രതിരോധാത്മക ഡ്രൈവിങ്ങ്
(B) അഗ്രസീവ് ഡ്രൈവിങ്ങ്
(C) ഹൈവേ ഡ്രൈവിങ്ങ്
(D) അപകട രഹിത ഡ്രൈവിങ്ങ്

73. റോഡുകൾ തരം തിരിക്കുവാൻ S.H. എന്ന പദം എന്തിനെ ആണ് ഉദ്ദേശിക്കുന്നത്?
(A) ടോൾ ഇല്ലാത്ത പാത
(B) സർവ്വീസ് ഹൈവേ
(C) ടോൾ പാതയിലെ സർവ്വീസ് റോഡ്
(D) സ്റ്റേറ്റ് ഹൈവേ

74. ഇന്ത്യയിലെ ഏറ്റവും നീളം കുറഞ്ഞ നാഷണൽ ഹൈവേ ഏതാണ്? (പഴയ നമ്പർ പ്രകാരം)
(A) N.H. 212
(B) N.H. 213
(C) N.H. 49
(D) N.H. 47 A

75. വാഹനത്തിന്റെ സ്റ്റോപ്പിങ്ങ് ഡിസ്റ്റൻസ് എന്നാൽ എന്താണ്?
(A) വാഹനം നിർത്താൻ ബ്രേക്ക് ചവിട്ടാൻ എടുക്കുന്ന സമയം
(B) അപകട സാദ്ധ്യത കണ്ട് വാഹനം ബ്രേക്ക് ചവിട്ടി നിർത്തുന്നതിനു വേണ്ട ഏറ്റവും കുറഞ്ഞ ദൂരം
(C) ബ്രേക്ക് ചെയ്യുമ്പോൾ ഡ്രൈവർ കരുതേണ്ട ദൂരം
(D) ഒരു വാഹനത്തിനു പിന്നിൽ നിർത്തുമ്പോൾ പാലിക്കേണ്ട അകലം

76. നാലുവരി പാതയിൽ ഇരുദിശയിലേക്കുള്ള ഗതാഗതം വിഭജിക്കുന്നതിനു ഉപയോഗിക്കുന്ന നിർമ്മാണത്തിന്റെ പേരെന്ത്?
(A) മീഡിയൻ
(B) റോഡ് മാർക്കിങ്ങ്
(C) ട്രാഫിക് ഐലന്റ്
(D) ഗ്രേഡ് സപ്പറേറ്റർ

77. സ്ഫോടക വസ്തുക്കൾ വഹിച്ചു കൊണ്ട് പോകുന്ന വാഹനത്തിൽ പ്രദർശിപ്പിക്കുന്ന ക്ലാസ്സ് ലേബലിന്റെ നിറമെന്ത്?
(A) വെള്ള
(B) ഓറഞ്ച്
(C) ചുവപ്പ്
(D) മഞ്ഞ

78. റോഡിൽ ഗതാഗതം അനുവദിച്ചിട്ടുള്ള ടാറിങ്ങ് ഭാഗം കഴിഞ്ഞാൽ റോഡരികിൽ ഉള്ള ബാക്കി സ്ഥലത്തിനെ എന്തു പേരിൽ ആണ് വിളിക്കുന്നത്?
(A) റോഡ് ഷോൾഡർ
(B) ട്രാഫിക് ഐലന്റ്
(C) മീഡിയൻ
(D) പെലിക്കൻ ക്രോസിങ്ങ്

79. ഒരു നാലു വഴി കൂടുന്ന കവലയിൽ റോഡുകളുടെ സംഗമസ്ഥലത്ത് ഗതാഗത നിയന്ത്രണത്തിനായി നിർമ്മിക്കുന്ന വൃത്താകൃതിയുള്ള നിർമ്മാണത്തിന്റെ പേരെന്ത്?
(A) മീഡിയൻ
(B) ട്രാഫിക് ഐലന്റ്
(C) ഫുട്ട് പാത്ത്
(D) റോഡ് ഷോൾഡർ



Join PSC WhatsApp Broadcast List : 90747 20773

80. ഒരു ഓട്ടോമാറ്റിക്ക് ട്രാഫിക്ക് നിയന്ത്രണ സംവിധാനത്തിൽ, ഒരു ദിശയിൽ, പച്ച ലൈറ്റ് കെട്ട ഉടൻ, മഞ്ഞ ലൈറ്റ് കത്തിയാൽ ഡ്രൈവർ മനസ്സിലാക്കേണ്ടത്?
   (A) വാഹനം മുന്നോട്ടെടുക്കാം
   (B) മറ്റു വശങ്ങളിൽ നിന്ന് വാഹനം വരുന്നില്ലെങ്കിൽ മുന്നോട്ടെടുക്കാം
   (C) വാഹനം ഒരിഞ്ച് പോലും മുന്നോട്ടെടുക്കരുത്
   (D) വാഹനം സൂക്ഷിച്ച് വേണമെങ്കിൽ മുന്നോട്ടെടുക്കാം

81. ഓവർടേക്ക് ചെയ്യാൻ പാടില്ലാത്ത സ്ഥലം :
   (A) പോലീസ് സ്റ്റേഷനു സമീപം
   (B) ടാറിടാത്ത റോഡുകൾ
   (C) ഇടുങ്ങിയ പാലം
   (D) എക്സ്പ്രസ്സ് ഹൈവേയിൽ

82. ഹോൺ മുഴക്കാൻ പാടില്ലാത്ത സ്ഥലം :
   (A) ദേശീയപാത
   (B) റോഡ് റിപ്പയർ നടക്കുന്ന സ്ഥലം
   (C) ആശുപത്രിക്ക് സമീപം
   (D) റെയിൽവേ ലെവൽക്രോസ്സ്

83. ഇലക്ട്രിക് ഉപകരണം കൊണ്ട് കാണിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സിഗ്നൽ :
   (A) വലതുവശത്തേക്ക് തിരിയൽ
   (B) ഓവർടേക്കിംഗിനുള്ള അനുവാദം
   (C) വാഹനം നിർത്തുന്നത്
   (D) ഇടതുവശത്തേക്ക് തിരിയൽ

84. പുറകോട്ട് വാഹനം ഓടിക്കാൻ പാടില്ലാത്ത സ്ഥലം :
   (A) വൺവേ റോഡ്
   (B) കടത്തു കടവ്
   (C) ഇറക്കമുള്ള റോഡ്
   (D) വളവും തിരിവും ഉള്ള റോഡ്

85. കെട്ടി വലിക്കുന്നതും വലിക്കപ്പെടുന്നതുമായ വാഹനങ്ങൾ തമ്മിലുണ്ടാകാവുന്ന ഏറ്റവും കൂടിയ ദൂരം :
   (A) 15 മീറ്റർ
   (B) 10 മീറ്റർ
   (C) 20 മീറ്റർ
   (D) 5 മീറ്റർ

86. ഒരു വാഹനം സിറ്റി റോഡുകളിൽ കൂടി ഓടിക്കുമ്പോൾ ഉപയോഗിക്കേണ്ട ലൈറ്റ് :
   (A) ബ്രൈറ്റ് ലൈറ്റ്
   (B) ഡിം ലൈറ്റ്
   (C) പാർക്ക് ലൈറ്റ്
   (D) ഹസാഡ് ലൈറ്റ്

87. ഒരു കാറിന് നാഷണൽ ഹൈവേയിൽ ഓടിക്കാവുന്ന പരമാവധി വേഗത :
   (A) വേഗത പരിധിയില്ല
   (B) 100 കി.മീ.
   (C) 50 കി.മീ.
   (D) 90 കി.മീ.

88. മുന്നിൽ പോകുന്ന വാഹനത്തിന്റെ ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നത് :
   (A) ആ വാഹനം വലതുവശത്തേക്ക് തിരിയുവാനുള്ള സിഗ്നൽ കാണിച്ച് റോഡിന്റെ മദ്ധ്യഭാഗം വരെ എത്തുമ്പോൾ
   (B) ഇടതുവശത്തുകൂടി കടന്ന് പോകാൻ സ്ഥലമുണ്ടെങ്കിൽ
   (C) ആ വാഹനം വേഗത കുറച്ച് ഓടിക്കുമ്പോൾ
   (D) രോഗികളെ ആശുപത്രിയിൽ എത്തിക്കേണ്ടി വരുമ്പോൾ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

89. മുന്നിൽ പോകുന്ന വാഹനത്തെ ഓവർടേക്ക് ചെയ്യാൻ അനുവദിച്ചിട്ടുള്ള ഒരു സാഹചര്യം :
   (A) രണ്ടു റോഡുകൾ സന്ധിക്കുന്ന സ്ഥലത്ത്
   (B) കുത്തനെയുള്ള കയറ്റം കയറുമ്പോൾ
   (C) കാൽ നട യാത്രക്കാർ റോഡിനു കുറുകേ നടക്കുമ്പോൾ
   (D) മുന്നിലുള്ള വാഹനം വേഗത കുറച്ച് കടന്നു പോകാനുള്ള സിഗ്നൽ നല്കുമ്പോൾ

90. മുൻവശം റോഡിൽ ജംഗ്ഷനോ കാൽ നടക്കാർക്കുള്ള വഴിയോ ഉണ്ടെങ്കിൽ ഡ്രൈവർ തന്റെ വാഹനം :
   (A) റോഡിന്റെ ഇടതുവശം ചേർത്ത് സ്റ്റോപ്പ് ലൈനിൽ തൊടാതെ നിർത്തുക
   (B) വേഗത കുറച്ച് യാതൊരുവിധ അപകടവുമുണ്ടാകില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം ഓടിച്ചു പോവുക
   (C) ഹോൺ മുഴക്കി ഓടിച്ചു പോവുക
   (D) യുടേൺ ഉണ്ടെങ്കിൽ തിരിഞ്ഞു പോവുക

91. ഒരു റോഡ് ജംഗ്ഷനിൽ ചെല്ലുമ്പോൾ കടന്നു പോകാൻ മുൻഗണന കൊടുക്കേണ്ടത് :
   (A) ഇടതുവശത്തുകൂടി വരുന്ന വാഹനങ്ങൾക്കാണ്
   (B) വലതുവശത്തുകൂടി വരുന്ന വാഹനങ്ങൾക്കാണ്
   (C) പുറകിൽ വരുന്ന വാഹനങ്ങൾക്കാണ്
   (D) ആർക്കും തന്നെ മുൻഗണന നല്കേണ്ടതില്ല

92. ആംബുലൻസ് വാഹനം പുറകിൽ നിന്ന് തുടർച്ചയായി ഹോൺ മുഴക്കിയാൽ ഒരു ഡ്രൈവർ തന്റെ വാഹനം :
   (A) വേഗത കുറച്ച് ആംബുലൻസിനു കടന്നു പോകാനുള്ള സിഗ്നൽ നല്കണം
   (B) ആംബുലൻസ് കടന്നു പോകാൻ അനുവദിക്കരുത്
   (C) റോഡിന്റെ ഇടതുവശം ചേർത്ത് നിർത്തണം
   (D) ആംബുലൻസ് സാവധാനം പോകാൻ അനുവദിക്കണം

93. യുടേൺ തിരിയുമ്പോൾ നല്കേണ്ട സിഗ്നൽ :
   (A) ഇടതുവശത്തേക്കു തിരിയുന്നതിനുള്ള സിഗ്നൽ
   (B) വലതുവശത്തേക്കു തിരിയുന്നതിനുള്ള സിഗ്നൽ
   (C) റിവേഴ്സ് ലൈറ്റ് കത്തിച്ച് കാണിക്കൽ
   (D) വലതുകൈ ക്ലോക്ക്വൈസായി വൃത്താകൃതിയിൽ ചുഴറ്റി കാണിക്കുന്നത്

94. ഒരു ഡ്രൈവർ തന്റെ വാഹനത്തിൽ നിർബന്ധമായും ഒറിജിനൽ സൂക്ഷിച്ചിരിക്കേണ്ട ഒരു രേഖ :
   (A) ഇൻഷ്യൂറൻസ് സർട്ടിഫിക്കറ്റ്
   (B) പി.യു.സി.സി.
   (C) ഡ്രൈവിങ്ങ് ലൈസൻസ്
   (D) ആർ.സി. ബുക്ക്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

95. ഒരു വാഹനത്തിന്റെ ഡ്രൈവർ കാവൽക്കാരനില്ലാത്ത റെയിൽവേ ലെവൽ ക്രോസ്സിങ്ങ് കടന്നുപോകുന്നതിനു മുമ്പ് :

(A) വാഹനം നിർത്തി വണ്ടിയിൽ നിന്നും ഇറങ്ങി ഇരുവശത്തുനിന്നും ട്രെയിൻ വരുന്നില്ല എന്ന് ഉറപ്പുവരുത്തിയ ശേഷം കടന്നു പോകാം

(B) വണ്ടിയുടെ വേഗത കുറച്ച് ലെവൽ ക്രോസ്സിംഗ് കടന്നു പോകാം

(C) ഹോൺ മുഴക്കി എത്രയും വേഗം കടന്നു പോവുക

(D) ട്രെയിൻ കടന്നു പോകുന്നതുവരെ കാത്തു നില്ലുക

96. ഒരു വാഹനത്തിനു കൂടുതൽ ഇന്ധനക്ഷമതയുണ്ടാകുന്നത് :

(A) 40 കി.മീ. വേഗതയിൽ ഓടുമ്പോൾ
(B) 80 കി.മീ. വേഗതയിൽ ഓടുമ്പോൾ
(C) 55 കി.മീ. വേഗതയിൽ ഓടുമ്പോൾ
(D) ഓവർ സ്പീഡിൽ പോകുമ്പോൾ

97. എ.ബി.എസ്. എന്ന ബ്രേക്കിംഗ് സംവിധാനത്തിന്റെ പ്രയോജനം എന്ത്?

(A) ബ്രേക്ക് ചെയ്താൽ വാഹനം അവിടെത്തന്നെ നില്ലും

(B) നാലു ചക്രങ്ങളിലും തുല്യമായ ബ്രേക്കിംഗ് ശക്തി നല്കി വാഹനം റോഡിൽ നിന്നും തെന്നിമാറാതെ നിർത്തുന്നു

(C) പാർക്കു ചെയ്യുമ്പോഴുള്ള സുരക്ഷയ്ക്ക്

(D) സഡൻ ബ്രേക്കിനുവേണ്ടി

98. ബാഡ്ജ് ലൈസൻസിന്റെ കാലാവധി എത്ര വർഷം?

(A) 5 വർഷം
(B) 10 വർഷം
(C) 50 വർഷം
(D) 3 വർഷം

99. ഒരു വാഹനത്തിൽ റേഡിയേറ്റർ എന്ന ഉപകരണം എന്തിനാണ്?

(A) ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി

(B) ഓയിൽ ടെമ്പറേച്ചർ നിലനിർത്തുന്നതിനായി

(C) എഞ്ചിൻ താപം നിയന്ത്രിക്കുന്ന വെള്ളം തണുപ്പിക്കാൻ

(D) കാറ്റിനെ പ്രതിരോധിക്കുന്നതിനായി

100. പ്രതിപ്രവർത്തന സമയം (റിയാക്ഷൻ ടൈം) എന്നാൽ എന്ത്?

(A) ബ്രേക്ക് ചെയ്താൽ വാഹനം നില്ലുന്ന സമയം

(B) ഡ്രൈവർ മുന്നിലെ അപകടം മനസ്സിലാക്കി ബ്രേക്കും മറ്റു നിയന്ത്രണങ്ങളും ഉപയോഗിച്ച് അപകടം ഒഴിവാക്കുന്നതിനുള്ള സമയം

(C) ഡ്രൈവർക്ക് ചിന്തിക്കുവാനുള്ള സമയം

(D) യാത്രക്കാർക്ക് ചിന്തിക്കുവാനുള്ള സമയം



Join PSC WhatsApp Broadcast List : 90747 20773